## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **10-06-2021 - ൽ മറുപടിയ്ക്ക്**

## ഇക്കോ ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | നിലവില്ലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ടി മേഖലയിൽ നടത്തി വരുന്നുണ്ട്. പരിസ്ഥിതിക്ക അനുയോജ്യമാം വിധം ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ഓൺലൈൻ ടിക്കറ്റിംങ് സംവിധാനം വഴി മുൻകൂട്ടി ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വഴി പൊതു ജനങ്ങൾക്ക് അവരുടെ സൗകര്യമനുസരിച്ച് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരം കൈവന്നിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക വാഹക ശേഷി പഠനം നടത്തി വരുന്നുണ്ട്. ആയത് പ്രകാരം പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തി ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അതോടൊപ്പം സുരക്ഷാ പഠനം ( safety audit) നടത്തി സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കു മ്പോൾ വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തിയാണ് നിലവിൽ അവ നടപ്പിലാക്കി വരുന്നത്. |
| (സി) | ഇക്കോ ടൂറിസം മേഖലയിലെ ഗൈഡുമാരായി ആദിവാസി യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. അതാത് പ്രദേശങ്ങളിലെ വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ ഉൾപ്പെടുന്ന വനം വകുപ്പിന്റെ വികസന ഏജൻസികൾ (FDA) വഴിയാണ് ഇവർക്ക് പരിശീലനം നൽകി വരുന്നത്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് |

| | | | |
|---|---|---|---|
| | | | ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നിവയുടേയും സഹകരണത്തോടെ ഭാഷ നൈപുണ്യം, ഇക്കോ ഫ്രണ്ട്ലി പ്രോഗ്രാമുകൾ, വനമേഖലയിലെ സസ്യ ജന്തുജാലങ്ങളെ തിരിച്ചറിയൽ, സന്ദർശകരോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച വ്യക്തിത്വ വികസന പരിശീലനം, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ വിഷയങ്ങളിൽ പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ